# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 4**

---

## എം.ജി സർവകലാശാല സൃഷ്ടിച്ചത് പുതു മാതൃക; യു3എ ആഗോള പ്രസിഡൻറ്

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ(യു3എ) പ്രവർത്തനങ്ങളിൽ വേറിട്ട മാതൃക സൃഷ്ടിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞെന്ന് യു3എ ആഗോള പ്രസിഡൻറ് ഡോ. ഫ്രാൻസ്വ വെല്ലാസ് പറഞ്ഞു. ആരോഗ്യകരമായ വിശ്രമകാലം എന്ന വിഷയത്തിൽ സർവകലാശാലാ യു3എ സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അസോസിയേഷൻ ഓഫ് ഇൻറർനാഷണൽ യൂണിവേഴ്സിറ്റീസ് ഓഫ് ദ തേഡ് ഏജിൻറെ പ്രസിഡൻറായ അദ്ദേഹം.

പഠനത്തിനും ക്രിയാത്മക പ്രവർത്തനങ്ങൾക്കുമൊന്നും പ്രായം തടസമല്ലെന്നാണ് യു3എ ലോകത്തോടു പറയുന്നത്. പല യൂറോപ്യൻ രാജ്യങ്ങളിലും സർവകലാശാലകളിൽ ഈ സംവിധാനം ചിട്ടയായി പ്രവർത്തിക്കുന്നു. മാറുന്ന സാമൂഹിക, കുടുംബ ചുറ്റുപാടുകളിൽ ഇത്തരമൊരു വേദിക്ക് ഏറെ പ്രസക്തിയുണ്ട്.
വീടുകളിൽ ഒതുങ്ങിക്കൂടുമായിരുന്ന അനേകം മുതിർന്ന പൗരൻമാർ യു3എയുടെ തണലിൽ ഊർജ്ജസ്വലരായി മുന്നോട്ടു പോകുന്നു.

ഇന്ത്യയിൽ ആദ്യമായി യൂണിറ്റ് തുടങ്ങിയ സർവകലാശാലയെന്ന നിലയിൽ എം.ജി. സർവകലാശാല രാജ്യത്തിനു മുഴുവൻ മാതൃകയാണ്. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഏറെ വളരാനും നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കാനും സർവകലാശാലയിലെ യു3എയ്ക്ക് സാധിച്ചു. എലിക്കുളം സമ്പൂർണ യു3എ പ്രഖ്യാപനവും ഓഫീസ് സ്ഥാപിക്കുന്നതിനായി സൗജന്യമായി സ്ഥലം വിട്ടു കിട്ടിയതും ജനങ്ങൾക്കിടയിൽ ലഭിച്ച സ്വീകാര്യതയുടെ തെളിവാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സർവകലാശാലയിലെ യു3എ ഡയറക്ടർ ഡോ.ടോണി കെ. തോമസ് അധ്യക്ഷത വഹിച്ചു.

യു3എയുടെ പ്രവർത്തനത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ മാതൃകയെക്കുറിച്ച് ഡോ. തോമസ് ഏബ്രഹാം വിശദീകരിച്ചു. ഐക്യുഎസി ഡയറക്ടർ

ഡോ. റോബിനെറ്റ് ജേക്കബ്, ഹെൽപ്പ് ഏജ് ഇന്ത്യ സംസ്ഥാന ഡയറക്ടർ ബിജു മാത്യു, ഡോ. എ.പി. തോമസ്, ഡോ. ഗ്രേസമ്മ മാത്യു, അഡ്വ. ഗീത സാരസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/221/2024)

## അപേക്ഷാ സമയ പരിധി നീട്ടി

ആറാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്), ആറാം സെമസ്റ്റർ സിബിസിഎസ് ബി.എസ്.സി സൈബർ ഫോറെൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഫെബ്രുവരി 2024) ബിരുദ പരീക്ഷകൾക്ക് ഇന്ന്(മാർച്ച് 5) വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.
നാളെ(മാർച്ച് 6) ഫൈനോടു കൂടിയും മാർച്ച് ഏഴിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.
.............................

ആറാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബി.കോം(സിബിസിഎസ് - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഫെബ്രുവരി 2024) പരീക്ഷകൾക്ക് ഇന്ന്(മാർച്ച് 5) വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.
നാളെ(മാർച്ച് 6) ഫൈനോടു കൂടിയും മാർച്ച് ഏഴിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/222/2024)

## ആറാം സെമസ്റ്റർ യു.ജി പരീക്ഷകൾ മാർച്ച് 22 മുതൽ

ആറാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്), ആറാം സെമസ്റ്റർ സിബിസിഎസ് ബി.എസ്.സി സൈബർ ഫോറൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഫെബ്രുവരി 2024) ബിരുദ പരീക്ഷകൾ മാർച്ച് 22ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.
........................

ആറാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബി.കോം(സിബിസിഎസ് - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഫെബ്രുവരി 2024) ബിരുദ പരീക്ഷകൾ മാർച്ച് 22ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/223/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ്/കമ്പ്യൂട്ടർ മെയിൻറനൻസ് ആൻറ് ഇലക്ട്രോണിക്സ്(സിബിസിഎസ്എസ് - 2015,2016 അഡ്മിഷൻ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷൻ മെഴ്സി ചാൻസ് - സെപറ്റംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 21ന് പെരുമ്പാവൂർ ജയഭാരത് ആർട്സ് ആൻഡ് സയൻസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

ഡിസംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ എംഎ അനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആൻറ് ടെലിവിഷൻ, പ്രിൻറ് ആൻറ് ഇലക്ട്രോണിക് ജേണലിസം(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 11 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി(സി.എസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെയും(മാർച്ച് 6), മർച്ച് ഏഴ് തീയതികളിൽ അമലഗിരി ബി.കെ കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

............................

ഒന്നാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെൻറ്(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2018-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(മാർച്ച് 6) ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...............................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇൻഫർമേഷൻ ടെക്നോളജി(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് ഏഴിന് കോന്നി വി.എൻ.എസ് കോളജ് ഓഫ് ആർട്ട്സ് ആൻറ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/224/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ സിബിസിഎസ് ബി.കോം മോഡൽ 1(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.
............................................

ഒന്നും, രണ്ടും സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഇംഗ്ലീഷ്(2016,2017,2018 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.
........................................

ഒന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ(സിബിസിഎസ് - 2022 അഡ്മിഷൻ റഗുലർ, 2017-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/225/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**